**"ഭരണഭാഷ - മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ് - വയനാട് ഹാന്റ്ലൂം പവർലൂം ആന്റ് മൾട്ടിപർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം. എസ് IND(W) 66 - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന യൂണിഫോമും, തുണിത്തരങ്ങളും ടെൻഡർ നടപടി ക്രമങ്ങൾ കൂടാതെ നേരിട്ട് വിപണനം ചെയ്യുന്നതിന് സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക 9.23-ൽ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുസംഭരണ ഉപദേശകകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം. 5/2025/PPAD          തീയതി, തിരുവനന്തപുരം, 18-03-2025.

---

പരാമർശം:-
1. 01.03.2011 ലെ സ.ഉ.(സാധാ) നം.14/2011/എസ്.പി.ഡി. നമ്പർ ഉത്തരവ്.
2. 17.10.2023-ലെ സ.ഉ.(സാധാ) നം.119/2023/എസ്.പി.ഡി. നമ്പർ ഉത്തരവ്.
3. 13/11/2024-ലെ കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടറുടെ HL/1374/2021-T2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വയനാട് ഹാന്റ്ലൂം പവർലൂം ആന്റ് മൾട്ടിപർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം.എസ് IND(W) 66- ഉല്പാദിപ്പിക്കുന്ന യൂണിഫോമുകളും, തുണിത്തരങ്ങളും വില നിർണ്ണയം നടത്തിയ ശേഷം, ടെൻഡർ നടപടികൾ കൂടാതെ നേരിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിപണനം നടത്തുന്നതിന് സ്റ്റോർസ് പർച്ചേസ് മാന്വലിന്റെ ഖണ്ഡിക 9.23-ൽ ഒരു വർഷക്കാലയളവിലേയ്ക്ക് ഇളവ് അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്നും പരാമർശം (2) പ്രകാരം പ്രസ്തുത കാലാവധി ദീർഘിപ്പിച്ച് നൽകിയിരുന്നു. പ്രസ്തുത കാലാവധി 16/10/2024-ന് അവസാനിക്കുകയുണ്ടായി.

2. പ്രസ്തുത ടെണ്ടർ ഇളവ് ആനുകൂല്യം വയനാട് ഹാന്റ്ലൂം പവർലൂം ആന്റ് മൾട്ടിപർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്-ന് പുതുക്കി നൽകണമെന്ന് കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, വയനാട് ഹാന്റ്ലൂം പവർലൂം ആന്റ് മൾട്ടിപർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ തനത് യൂണിഫോമും, തുണിത്തരങ്ങളും, പരാമർശം (1) പ്രകാരം നിശ്ചയിച്ചിട്ടുള്ള വിലയിൽ കവിയരുത് എന്ന നിബന്ധനയ്ക്ക് വിധേയമായി, ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് ടെൻഡർ നടപടികൾ കൂടാതെ നേരിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിപണനം നടത്തുവാൻ സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23-ൽ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**സബിൻ ജോസ്**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ് :-
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) , (എ & ഇ), കേരളം, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ (എല്ലാ ബ്ലോക്ക് പഞ്ചായത്തുകളെയും അറിയിക്കുന്നതിന്).
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എല്ലാ ഗ്രാമ പഞ്ചായത്തുകളെയും അറിയിക്കുന്നതിന്).
അക്കൗണ്ടന്റ് ജനറൽ, കേരളം, തിരുവനന്തപുരം.
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
റീജിയണൽ പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, കൊല്ലം/എറണാകുളം/കോഴിക്കോട്.
ഡയറക്ടർ, കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.
പ്രസിഡന്റ് / സെക്രട്ടറി, M/s. വയനാട് ഹാന്റ്ലൂം പവർലൂം ആന്റ് മൾട്ടിപർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി. നം. എസ്. IND(W) 66, തലശ്ശേരി 670 646.
വ്യവസായ വകുപ്പ് (File No. സി2/159/2024-IND) പ്രകാരം.
സി-ഡിറ്റ്, ചിറ്റാഴം, ലാവണ്യ, സ്റ്റാച്യൂ, തിരുവനന്തപുരം (സർക്കാർ ഉത്തരവ് പൊതുസംഭരണ ഉപദേശകകാര്യ വകുപ്പിന്റെ വെബ്സൈറ്റിൽ ചേർക്കുന്നതിന്).
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (സർക്കാർ ഉത്തരവ് ഗവൺമെന്റ് വെബ്സൈറ്റിൽ ചേർക്കുന്നതിന്).
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ